മാതൃഭൂമി

07 November 2025

# ആഗോള സിമ്പോസിയം സമാപിച്ചു




സിഎംഎഫ്ആർഐയിൽ നടന്ന ആഗോള മറൈൻ സിമ്പോസിയം മീകോസ് 4-ന്റെ സമാപന സമ്മേളനം കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനം ചെയ്യുന്നു

**കൊച്ചി** ▸ സമുദ്ര സമ്പത്തിന്റെ സുസ്ഥിരമായ ഉപയോഗത്തിന് ആവാസവ്യവസ്ഥ അധിഷ്ഠിത മാനേജ്മെന്റ് രീതികൾക്ക് പ്രാമുഖ്യം നൽകണമെന്ന് ആഗോള മറൈൻ സിമ്പോസിയം. സിഎംഎഫ്ആർഐയിൽ സമാപിച്ച ത്രിദിന സിമ്പോസിയം ഇന്ത്യയുടെ ബ്ലൂ ഇക്കോണമി ശക്തിപ്പെടുത്താനുള്ള നിർദേശങ്ങൾ മുന്നോട്ടുവെച്ചു. സിഎംഎഫ്ആർഐയുമായി സഹകരിച്ച് മറൈൻ ബയോളജിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയാണ് സിമ്പോസിയം സംഘടിപ്പിച്ചത്. സമാപന സമ്മേളനം കുഫോസ് വൈസ് ചാൻസലർ ഡോ. എ. ബിജുകുമാർ ഉദ്ഘാടനം ചെയ്തു. തീരദേശ സമൂഹത്തിന്റെ ഉന്നമനത്തിനും മത്സ്യമേഖലയുടെ സുസ്ഥിര വികസനത്തിനും മേഖലയിലെ വിവിധ ഏജൻസികൾ തമ്മിൽ പരസ്പര സഹകരണം വേണമെന്ന് അദ്ദേഹം പറഞ്ഞു. സിമ്പോസിയത്തിന്റെ ശുപാർശകൾ രാജ്യത്തിന്റെ മത്സ്യമേഖലയെ ശക്തിപ്പെടുത്താൻ സഹായിക്കുന്നതാണെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ് പറഞ്ഞു.

## ധ്രുവങ്ങളിൽ നാലുമടങ്ങ് വേഗത്തിൽ ചൂട് കൂടുന്നു

**കൊച്ചി** ▸ ധ്രുവപ്രദേശങ്ങൾ ആഗോള ശരാശരിയെക്കാൾ നാലിരട്ടി വേഗത്തിൽ ചൂടുപിടിക്കുകയാണെന്ന് മറൈൻ ശാസ്ത്രജ്ഞർ സിമ്പോസിയത്തിൽ മുന്നറിയിപ്പ് നൽകി. കടലിലെ മഞ്ഞുരുകൽ ധ്രുവമേഖലയിലെ മാത്രം ആശങ്കയല്ലെന്നും അത് ലോകത്തെല്ലായിടത്തും പ്രതിഫലിക്കുമെന്നും നാഷണൽ സെന്റർ ഫോർ പോളാർ ആൻഡ് ഓഷ്യൻ റിസർച്ച് ഡയറക്ടർ ഡോ. തമ്പാൻ മേലത്ത് പറഞ്ഞു. ഡോ. ശുഭ്ദീപ് ഘോഷ്, ഡോ. വി.വി. സുഗുണൻ, ഡോ. പി. ജയശങ്കർ, ഡോ. രേഖ ജെ. നായർ എന്നിവർ സംസാരിച്ചു.